# നൂതന പ്രവർത്തനങ്ങൾ



കളിപ്പാട്ടം' ദൃശ്യപുസ്തകമാകുന്നു;
അഭിനേതാക്കളായി കുരുന്നുകൾ



കോവിഡ് കാലത്തെ പഠനം ആസ്വാദ്യകരമാക്കി മാറ്റുവാൻ പാഠഭാഗങ്ങൾക്ക് ദൃശ്യഭാഷ്യമൊരുക്കി, പ്രീ പ്രൈമറി പാഠപുസ്തകമായ കളിപ്പാട്ടത്തിലെ പന്ത്രണ്ട് പാഠഭാഗങ്ങൾ ദൃശ്യവത്ക്കരിച്ചു. കടുത്ത കോവിഡ് നിയന്ത്രണത്തിലും കുട്ടികളെ പങ്കെടുപ്പിച്ച് ചിത്രീകരണം പൂർത്തിയാക്കി. തങ്ങൾ പഠിക്കുന്ന ക്ലാസ്സിലെ പാഠഭാഗങ്ങൾ തങ്ങളുടെ കൂട്ടുകാർതന്നെ അഭിനയിച്ച് അവതരിപ്പിക്കുന്ന രീതി കുട്ടികൾക്ക് കൂടുതൽ ഹൃദ്യമായി. പാഠഭാഗങ്ങളെ നവീനരീതിയിൽ അവതരിപ്പിച്ചത് കോവിഡ് കാല വിഷമതകൾക്ക് ഒരു പരിഹാരമായി.

# പാഠപുസ്തകം ഒരു ദൃശ്യപുസ്തകം



## പൂക്കളായ് ചിരിക്കാം, പൂമ്പാറ്റകളാകാം

സ്വന്തം ലേഖകൻ





പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ ലഭ്യമായ ഐ.ടി. ഉപകരണങ്ങൾ ഉപയോഗിച്ച് ചിത്രീകരിച്ച ഈ പാഠഭാഗങ്ങൾ സംസ്ഥാനത്തെ വിവിധ സ്കൂളുകൾക്ക് പ്രയോജനപ്രദമായി. പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നതോടൊപ്പം അതിന്റെ ദൃശ്യരൂപവും കുട്ടികൾക്ക് ലഭ്യമായി. ഡയറ്റ് അദ്ധ്യാപകനായ ഡോ. സന്തോഷ് ഈ പരിപാടികൾക്ക് നേതൃത്വം നൽകി. പ്രീ പ്രൈമറി അദ്ധ്യാപകർ തിരക്കഥയും സംഗീത സംവിധാനവും നിർവ്വഹിച്ചു.

# നൂതന പഠന പ്രവർത്തനങ്ങൾ

## കാണാപാഠമല്ല; ഇനി അഭിനയപ്പാഠം

എസ് എൻ രാജേഷ്

പുനലൂർ

സീൻ ഒന്ന്. പൊതുവഴി. കൂട്ടുകാരായ ഭൃഗുറാമും മൻഹ ഫാത്തിമയും കണ്ടുമുട്ടുന്നു. ഒരേ ക്ലാസിലാണെങ്കിലും അവർ പരസ്പരം കാണുന്നത് ഏറെ നാളുകൾക്കുശേഷമാണ്. ഇരുമുഖങ്ങളിലും അതിന്റെ സന്തോഷം പ്രകടം. ഒരുകുഞ്ഞു തിരക്കഥയിൽ ഹ്രസ്വചിത്രം ഒരുങ്ങുകയാണിവിടെ. തൊളിക്കോട് ഗവ. എൽപി സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർഥികളുടെ രക്ഷിതാക്കളുടെ വാട്സാപ് നമ്പറുകളിലേക്ക് വൈകാതെ ഈ സിനിമയെത്തും. ചിത്രീകരണം കഴിഞ്ഞ് എഡിറ്റിങ് ജോലിയിലാണ് പിന്നണിപ്രവർത്തകർ. ഒന്നാം ക്ലാസ് മലയാളം പാഠാവലിയിലെ 'നട്ടുനനച്ച്' പാഠഭാഗത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ കുഞ്ഞുസിനിമ ഒരുക്കിയത്. കോവിഡ് കാലത്ത് കുട്ടികൾക്കും അധ്യാപകർക്കുമിടയിലെ അകലം ഇല്ലാതാക്കാനും പാഠഭാഗങ്ങളെ കുട്ടികൾക്കിടയിലേക്ക് എളുപ്പത്തിൽ എത്തിക്കാനുമുള്ള വഴിയായാണ് 14 മിനിറ്റുള്ള സിനിമയെന്ന് സ്കൂൾ പ്രധാനാധ്യാപകൻ കെ ജി എബ്രഹാം പറഞ്ഞു.

അധ്യാപികയായ ബി ബീനയാണ് തിരക്കഥ ഒരുക്കിയത്. കലങ്ങുംമുകൾ ഏലായിലായിരുന്നു ചിത്രീകരണം. ഒന്നാംക്ലാസ് വിദ്യാർഥികളായ മൻഹ ഫാത്തിമയും ഭൃഗുറാമുമാണ് വേഷമിട്ടത്. ഇവരുടെ കണ്ടുമുട്ടലിൽനിന്നാണ് കൃഷിയുടെ മേന്മ പറയുന്ന സിനിമയുടെ കഥ വികസിക്കുന്നത്. ഭൃഗുറാമിന്റെ അച്ഛൻ രാജീവ് കർഷകനായി എത്തുന്നുണ്ട്. പൂർവ വിദ്യാർഥികൂടിയായ സത്യരാജാണ് ക്യാമറ കൈകാര്യംചെയ്യുന്നത്. നേരത്തെ ക്ലാസ്സിൽ കുട്ടികളെക്കൊണ്ട് അഭിനയിപ്പിച്ചായിരുന്നു അധ്യയനമെന്ന് ബിബീന പറഞ്ഞു. അതുകൊണ്ടാണ് പുതിയ മാർഗം അവലംബിച്ചത്. വീഡിയോ കണ്ട് കുട്ടികൾക്ക് പാഠം നന്നായി മനസ്സിലാക്കാനാകും. മറ്റു പാഠഭാഗങ്ങളും ഒപ്പം പ്രീപ്രൈമറി വിഭാഗത്തിലെ പാട്ടുകളും ഈ രീതിയിൽ ചിത്രീകരിച്ച് വിദ്യാർഥികളിലേക്ക് എത്തിക്കാനൊരുങ്ങുകയാണ് സ്കൂൾ.



തൊളിക്കോട് ഗവ. എൽപി സ്കൂളിലെ വിദ്യാർഥികൾ പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരത്തിൽ

പ്രീ പ്രൈമറി പാഠഭാഗങ്ങളോടൊപ്പം പ്രൈമറി ക്ലാസ്സുകളിലെ പാഠഭാഗങ്ങളും ചിത്രീകരിച്ചു. ഒന്നാം ക്ലാസ്സിലെ 'നട്ടുനനച്ച്' എന്ന പാഠഭാഗം സമീപത്തെ വയലിൽ വച്ച് ചിത്രീകരിച്ചു. ചിത്രീകരണത്തിൽ മികവ് പുലർത്തിയ ഒരു പൂർവ്വ വിദ്യാർത്ഥിയുടെ സേവനം ഇതിന് പ്രയോജനപ്പെടുത്തി. കൂടാതെ നെൽവയൽ സന്ദർശിക്കുന്നതിനും അവിടുത്തെ കാഴ്ചകൾ കാണുന്നതിനും കുട്ടികൾക്ക് അവസരം ലഭിച്ചു. സ്കൂളിന്റെ മികവാർന്ന പ്രവർത്തനങ്ങൾക്കായി സമൂഹത്തിന്റെ വിഭവങ്ങൾ ക്രീയാത്മകമായി ഉപയോഗിക്കാം എന്ന പാഠവും ഈ പ്രവർത്തനത്തിലൂടെ മനസ്സിലാക്കി.

# വിലയിരുത്തൽ (Evaluation)

## ഈ സ്കൂളിൽ കുട്ടിക്ക് രക്ഷിതാവും മാർക്കിടും



തൊളിക്കോട് ഗവ. എൽ.പി.സ്കൂളിൽ കുട്ടിയുടെ മികവ് വിലയിരുത്തുന്നതിനുള്ള മാതൃകാ ഫോം പ്രധാനാധ്യാപകൻ കെ.ജി.എബ്രഹാം രക്ഷിതാക്കൾക്ക് വിതരണം ചെയ്യുന്നു

പുനലൂർ ► സ്കൂളിലും വീട്ടിലും കുട്ടിയുടെ മികവുകൾ വിലയിരുത്തി രക്ഷാകർത്താവ് മാർക്കിട്ടാൽ എങ്ങനെയുണ്ടാവും. ഈ പരീക്ഷണത്തിലാണ് പുനലൂർ തൊളിക്കോട് ഗവ. എൽ.പി.സ്കൂൾ. കുട്ടിയുടെ പഠനമേഖലയിൽ രക്ഷിതാവിനും വിലയിരുത്തൽ നടത്താൻ സാധിക്കുന്ന പുതിയ മൂല്യനിർണയ പദ്ധതിക്ക് സ്കൂളിൽ തുടക്കമായി. വിലയിരുത്തൽ അധ്യാപകർമാത്രം ചെയ്യേണ്ട പ്രവർത്തനമല്ല, മറിച്ച് ക്ലാസ്മുറിക്കു പുറത്തും വിലയിരുത്തൽ നടക്കണമെന്ന ചിന്തയാണ് ഈ ആശയത്തിനു പിന്നിൽ.

വിലയിരുത്തൽ നടത്തുന്നതിനുള്ള മാതൃക ഓരോ രക്ഷിതാവിനും നൽകിക്കൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഭാഷാപഠനത്തിലും വായനയിലും കുട്ടി മികവുകാട്ടുന്നെന്ന് രക്ഷാകർത്താവിന് ബോധ്യപ്പെട്ടാൽ മികച്ച ഗ്രേഡ് നൽകാം.

മറിച്ച് കുറച്ചുകൂടി ശ്രദ്ധ ആവശ്യമാണെന്നു തോന്നുന്നെങ്കിൽ ഗ്രേഡ് അതനുസരിച്ച് മാറ്റിനൽകാം. ഗണിതത്തിലും പരിസരപഠനത്തിലും ഇംഗ്ലീഷിനും വിലയിരുത്തൽ സൂചകങ്ങൾ ഉപയോഗിച്ചാണ് ഗ്രേഡ് നൽകേണ്ടത്.

കുട്ടിക്ക് ലഭിച്ച ഗ്രേഡുകൾ ക്ലാസ് അധ്യാപിക രഹസ്യമായി സൂക്ഷിക്കും. ഓരോ രക്ഷാകർതൃസമിതി യോഗം ചേരുമ്പോഴും ഓരോ മേഖലയിലും കുട്ടിക്ക് എന്തുമാറ്റം വന്നു എന്ന് രക്ഷാകർത്താവിന് സ്വയം താരതമ്യം ചെയ്യാം.

'ബാഗ് രഹിത സ്കൂൾ' ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പാക്കി സംസ്ഥാനത്തുതന്നെ ശ്രദ്ധിക്കപ്പെട്ട വിദ്യാലയമാണ് തൊളിക്കോട് ഗവ. സ്കൂൾ. ഇവിടത്തെ രക്ഷാകർതൃസമിതിക്ക് മികച്ച സമിതിക്കുള്ള സംസ്ഥാന പുരസ്കാരവും ലഭിച്ചിരുന്നു.

### പഠനത്തിന് കരുത്തേകും

സ്കൂളിൽ ആരംഭിച്ച പുതിയ മൂല്യനിർണയ പദ്ധതി കുട്ടികളുടെ പഠനത്തിന് കരുത്തേകും. ഒപ്പം സ്വന്തം കുട്ടിയുടെ പഠനപ്രക്രിയയിൽ സജീവ പങ്കാളിയാകാൻ രക്ഷാകർത്താവിന് അവസരവും ലഭിക്കും. മൂല്യനിർണയ പ്രക്രിയയിൽ കാതലായ മാറ്റങ്ങൾക്ക് തുടക്കമിടാൻ ഈ പദ്ധതി കാരണമായേക്കും.

-കെ.ജി.എബ്രഹാം
പ്രധാനാധ്യാപകൻ

---

വിലയിരുത്തലിന് (evaluation) ഒരു പുതിയ രീതി അവലംബിക്കുകയാണ് സ്കൂൾ. ക്ലാസ്സ് പി.ടി.എ. കളിൽ എത്തുന്ന രക്ഷാകർത്താവിന് തന്റെ കുട്ടിയുടെ മികവിന് സ്കോർ നൽകാം. സ്കൂൾ പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന ചോദ്യാവലി ഉപയോഗിച്ചാണ് വിലയിരുത്തൽ പ്രക്രിയ രക്ഷാകർത്താവ് നടത്തുന്നത്. സ്വന്തം നിലയിൽ ചെയ്യുന്ന ഈ വിലയിരുത്തൽ ക്ലാസ്സ് തലത്തിൽ അവതരിപ്പിക്കുന്നില്ല. അടുത്ത ക്ലാസ്സ് പി.ടി.എ. കളിൽ ഇതേ തരത്തിലുള്ള വിലയിരുത്തൽ ഷീറ്റുകൾ രക്ഷാകർത്താവിന് താരതമ്യപ്പെടുത്തി കുട്ടിയുടെ പഠനപുരോഗതി മനസ്സിലാക്കാം.

### ഗവ. എൽ.പി.എസ്. തൊളിക്കോട്
### പഠനപുരോഗതി രേഖ

കുട്ടിയുടെ പേര് ..............................................................

ക്ലാസ്സ് ..............................................................

വിഷയം ..............................................................

1. തെറ്റില്ലാതെ വായിക്കുന്നു [A] [B] [C]
2.

# വിലയിരുത്തൽ (Evaluation)





നിരന്തര മൂല്യനിർണ്ണയ
പ്രക്രിയയിൽ രക്ഷകർത്താക്കളുടെ പങ്കാളിത്വം
ഉറപ്പാക്കുന്നു. ക്ലാസ്സ് പി.റ്റി.എ. കളിൽ എത്തുന്ന
രക്ഷകർത്താക്കൾക്ക് കുട്ടിയുടെ നാളിതുവരെയുള്ള
പഠനതെളിവുകൾ പ്രത്യേക ഫയലിലാക്കി നൽകുന്നു.
യൂണിറ്റ് ടെസ്റ്റ്, ക്ലാസ്സ് ടെസ്റ്റ്, ടേം പരീക്ഷകൾ
എന്നിവയുടെ ഉത്തരക്കടലാസ്, കുട്ടി സ്വന്തം നിലയിൽ
തയ്യാറാക്കിയ രചനകൾ തുടങ്ങിയവ
പ്രത്യേകം ഫയൽ ചെയ്ത് രക്ഷകർത്താക്കൾക്ക്
നൽകുന്നു. കുട്ടിയുടെ എല്ലാവിധ
മികവുകളും കണ്ടെത്തുന്നതിനും
ഓരോ മേഖലയിലും അവരവർ കൈവരിച്ച നേട്ടങ്ങൾ
നേരിട്ട് പരിശോധിക്കുന്നതിനും രക്ഷകർത്താവിന്
അവസരം ലഭിക്കുന്നു. തന്റെ കുട്ടിക്ക് സ്വന്തം നിലയിൽ
എത്ര സ്കോർ നൽകാം എന്നത് ചർച്ച ചെയ്ത്
രേഖപ്പെടുത്തുന്നു. അടുത്ത ക്ലാസ്സ് പി.ടി.എ.
യോഗത്തിൽ ഇതിന്റെ വെളിച്ചത്തിൽ
മികവുകൾ പരിശോധിക്കാം. നല്ല പാഠം
പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്
നടത്തിയ രക്ഷകർത്താക്കളുടെ
മീറ്റിംഗിൽ ഈ പരിപാടി അവതരിപ്പിച്ചു.

# കോവിഡ്കാല പ്രവർത്തനങ്ങൾ



## മധുരത്തിന് സ്കൂളിന്റെ സ്വന്തം ഉപ്പേരി

തൊളിക്കോട് ഗവൺമെന്റ് എൽ പി സ്കൂളിൽ പ്രവേശനോത്സവത്തോടനുബന്ധിച്ച് കുട്ടികൾക്ക് നൽകുന്നതിനുള്ള ഉപ്പേരി തയ്യാറാക്കുന്നു

**സ്വന്തം ലേഖകൻ**

**പുനലൂർ**

സ്കൂളിൽ വിളഞ്ഞ ഏത്തക്കുലകൾ കൃഷിത്തോട്ടത്തിൽ തന്നെ ഉപ്പേരിയാക്കി. പ്രവേശനോത്സവത്തിനു നൽകുന്ന കിറ്റിൽ ഈ ഉപ്പേരി പായ്ക്കറ്റുമുണ്ടാകും. പുനലൂർ തൊളിക്കോട് ഗവ. എൽപി സ്കൂൾ കുട്ടികളെ വരവേൽക്കാൻ തനതുശൈലിയിൽ ഒരുങ്ങിക്കഴിഞ്ഞു.

ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ കൃഷിത്തോട്ടത്തിൽനിന്നു ശേഖരിക്കാനാണ് പദ്ധതി. 353 വിദ്യാർഥികളാണ് സ്കൂളിലുള്ളത്. പ്രീപ്രൈമറി മുതൽ നാലുവരെയുള്ള ക്ലാസുകളിലെ കുട്ടികളെ മൂന്നു ബാച്ചായി തിരിച്ചത് അനുസരിച്ച് ഒരുദിവസം 80 വിദ്യാർഥികളാണ് സ്കൂളിലെത്തുക. തിങ്കൾ മുതൽ ശനി വരെ ക്ലാസ് നടക്കും.

സംസ്ഥാനത്തെ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പിടിഎക്കുള്ള പുരസ്കാരം സ്കൂളിനു ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി ബാഗ് രഹിത സംവിധാനം ഒരുക്കിയതും തൊളിക്കോട് ഗവ. എൽപി സ്കൂളിലാണ്. ഭിന്നശേഷി സൗഹൃദ സ്കൂളായും തെരഞ്ഞെടുത്തിട്ടുണ്ട്.

വാർഡ് കൗൺസിലർ അഖില സുധാകരൻ, പിടിഎ പ്രസിഡന്റ് വി രാജൻപിള്ള, ഹെഡ്മാസ്റ്റർ കെ ജി എബ്രഹാം, രാധാകൃഷ്ണപിള്ള, സന്തോഷ്, അധ്യാപകർ എന്നിവരുടെ നേതൃത്വത്തിലാണ് കുട്ടികളെ വരവേൽക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്.




കോവിഡ്കാലത്തിന് ശേഷം സ്കൂളിലെത്തിയ കുട്ടികളെ സ്കൂളിലെ തന്നെ കൃഷിത്തോട്ടത്തിലെ വാഴക്കുലകൾ ഉപ്പേരിയാക്കി നൽകിയാണ് സ്വീകരിച്ചത്.

സ്കൂളിന് ഒരു പൂർവ്വ വിദ്യാർത്ഥി സൗജന്യമായി നൽകിയ സ്ഥലത്ത് മനോഹരമായ ഒരു കൃഷിത്തോട്ടമുണ്ട്. കുട്ടികൾക്ക് കൃഷി പരിചയപ്പെടുത്തുന്ന ഒരു പാഠശാലയും ഇതോടൊപ്പം ക്രമീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ ഈ തോട്ടത്തിൽനിന്ന് കുറച്ചൊക്കെ ലഭിക്കുന്നു. വ്യത്യസ്തമായ വിവിധ പ്രവർത്തനങ്ങളിലൂടെ കൃഷിത്തോട്ടത്തെ സമൂഹത്തിന് പരിചയപ്പെടുത്തിക്കൊടുക്കാനും സാധിച്ചു.

# കോവിഡ്കാല പ്രവർത്തനങ്ങൾ






കോവിഡ്കാലത്ത് കുട്ടികളുടെ പഠന വിഷമതകൾ ഒഴിവാക്കാനായി വിവിധ പ്രവർത്തനങ്ങൾ സ്കൂളിൽ ക്രമീകരിച്ചു. സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗം ശ്രീ. റെനി ആന്റണി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഈ മഹാമാരിയെ നമുക്ക് ധൈര്യത്തോടെ നേരിടാം എന്ന ആത്മവിശ്വാസം വളർത്താൻ ഈ ക്ലാസ്സുകൾക്ക് സാധിച്ചു.

വിവിധ കൗൺസലിംഗ് ക്ലാസ്സുകളിലൂടെ പഠനം ആഹ്ലാദകരമാക്കാനുള്ള വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

# ലിംഗസമത്വം (Gender Nutral)



കൊല്ലം ജില്ലയിൽ പ്രൈമറി വിദ്യാലയങ്ങളിൽ ആദ്യമായി ജെൻഡർ ന്യൂട്രൽ യൂണിഫോം ആരംഭിച്ച സ്കൂളുകലിൽ ഒന്നാണ് ഗവ. എൽ.പി. എസ്., തൊളിക്കോട്. സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗം ശ്രീ. റെനി ആന്റണി സന്ദേശം നൽകി. മുൻ മന്ത്രി അഡ്വ. കെ. രാജു ഉദ്ഘാടനം നിർവ്വഹിച്ചു.

ലിംഗസമത്വം എന്ന ആശയം പ്രാഥമിക തലം മുതൽ കുട്ടികളിലെത്തിക്കാൻ പുതിയ യൂണിഫോം സമർപ്പണത്തിലൂടെ കഴിയും.









# പാഠം ഒന്ന് 'ലിംഗസമത്വം'



തൊളിക്കോട് ഗവ. എൽപി സ്കൂളിലെ കുട്ടികൾ ജെൻഡർ ന്യൂട്രൽ യൂണിഫോമിൽ

## ■ തൊളിക്കോട് ഗവ. എൽപിഎസ് ഇന്നു മുതൽ ജെൻഡർ ന്യൂട്രൽ യൂണിഫോമിലേക്ക്

**പുനലൂർ**

ലിംഗസമത്വത്തിന്റെ പ്രാധാന്യവും സമൂഹത്തിൽ നിലനിൽക്കുന്ന ആൺ – പെൺ വേർതിരിവും തൊളിക്കോട് ഗവ. എൽ പി സ്കൂളിലെ കുരുന്നുകൾ കുഞ്ഞിലെ പഠിക്കും. എല്ലാവരെയും സമഭാവനയോടെ കാണുന്നതിന്റെ – ആദ്യപടിയായി അവർ ശനി മുതൽ ജെൻഡർ ന്യൂട്രൽ യൂണിഫോം അണിയും. സ്കൂളിലെ എല്ലാ കുട്ടികൾക്കുമുള്ള ജെൻഡർ ന്യൂട്രൽ യൂണിഫോം വിതരണം മുൻ മന്ത്രി കെ രാജു ഉദ്ഘാടനംചെയ്തു. മുനിസിപ്പൽ ചെയർപേഴ്സൺ നിമ്മി എബ്രഹാം അധ്യക്ഷയായി.

ബാലാവകാശ കമീഷൻ അംഗം റെനി ആന്റണി മുഖ്യസന്ദേശം നൽകി. മുനിസിപ്പൽ സ്ഥിരംസമിതി അധ്യക്ഷ കനകമ്മ കെ. രാജശേഖരൻ, വി രാജൻപിള്ള, എളള ഡി അജയകുമാർ, കൗൺസിലർ അഖില സുധാകരൻ, മുഹമ്മദ് അൻസാരി, സന്തോഷ്, ബി ബീന എന്നിവർ സംസാരിച്ചു.

മുനിസിപ്പാലിറ്റിയുടെ അപ്പാരൽ യൂണിറ്റാണ് യൂണിഫോം തയ്ച്ചുനൽകിയത്. ലഹരിവിരുദ്ധ സന്ദേശറാലിയും ഇതോടൊപ്പം സംഘടിപ്പിച്ചു.



# എല്ലാവരും പഠിക്കട്ടെ...



## പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പ്രവേശനോത്സവം മാതൃകയായി

## മാതൃകയൊരുക്കി തൊളിക്കോട് സ്കൂൾ

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും പ്രവേശനോത്സവത്തിൽ പ്രധാന പങ്കാളിത്തം നൽകി. ഈ വിഭാഗം കുട്ടികളുടെ മാതാപിതാക്കൾക്കും ബന്ധുജനങ്ങൾക്കും ഹൃദ്യമായ വരവേല്പാണ് എല്ലാ പ്രവേശനോത്സവങ്ങളിലും സ്കൂൾ നൽകുന്നത്. ഈ വിഭാഗം കുട്ടികളെ ചേർത്തു നിർത്തുന്നതിനും അവർ ഒറ്റയ്ക്കല്ല, ഒരു സമൂഹം കൂടെയുണ്ടെന്നുമുള്ള വലിയ ചിന്ത കുട്ടികൾക്കും പൊതുസമൂഹത്തിനും നൽകുന്നതിനും ഈ പ്രവർത്തനങ്ങളിലൂടെ കഴിയുന്നു.

# എല്ലാവരും പഠിക്കട്ടെ...







2018 ൽ സംസ്ഥാനത്തെ മികച്ച ഭിന്നശേഷി സൗഹൃദ സ്ഥാപനത്തിനുള്ള അവാർഡ് ഈ സ്കൂളിനാണ് ലഭിച്ചത്. സ്കൂൾ ഭിന്നശേഷി കുട്ടികൾക്കായി ചെയ്യുന്ന മികവാർന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായിരുന്നു ഈ പുരസ്കാരം. 'എല്ലാവരും പഠിക്കട്ടെ' എന്ന പേരിൽ സ്കൂൾ പ്രസിദ്ധീകരിച്ച കലണ്ടർ വളരെ ശ്രദ്ധേയമായി. മറ്റ് കുട്ടികളോടൊപ്പം ഭിന്നശേഷിക്കാരായ കുട്ടികളും പഠന പ്രവര്ത്തനങ്ങളിലേർപ്പെടുകയും അവരിലുള്ള കഴിവുകൾക്ക് പ്രോത്സാഹനം നൽകത്തക്ക വിധത്തിൽ വിവിധ പരിശീലനങ്ങൾ അദ്ധ്യാപകർക്ക് നൽകി. രക്ഷാകർത്താക്കളുടെ കൂട്ടായ്മ വിവിധ കലാ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം, വിവിധ പരിശീലനങ്ങൾ എന്നിവ സ്കൂൾ തുടർന്നുവരുന്ന പ്രവർത്തനങ്ങളാണ്.

# നൂതനാശയങ്ങൾക്ക് പുരസ്കാരം




കലാം ജനന്മദിനത്തിൽ മലയാള മനോരമയുടെ പഠിപ്പുര സംസ്ഥാന തലത്തിൽ നടത്തിയ മികച്ച ആശയ  മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചത് ഈ സ്കൂളിനാണ്. ഈ സ്കൂൾ മുന്നോട്ടുവച്ച ബാഗ് രഹിതസ്കൂൾ, എല്ലാ കുട്ടികൾക്കും ഇൻഷുറൻസ്, കൃഷി കുട്ടിക്കാലം മുതലേ, തുടങ്ങിയ ആശയങ്ങൾ സംസ്ഥാനതലത്തിൽ തന്നെ ചർച്ചചെയ്തു. സ്കൂളിന്റെ വളർച്ചയ്ക്ക് ഈ പുരസ്കാര ലബ്ധത വലിയ സഹായമായി. ഇതിൽ  ബാഗ് രഹിതസ്കൂൾ എന്ന ആശയം നടപ്പിലാക്കാൻ സ്കൂളിന് സാധിച്ചു.



# നൂതന പഠന പ്രവർത്തനങ്ങൾ





പാഠഭാഗങ്ങൾ കുട്ടികൾക്ക് കൂടുതൽ അനുഭവവേദ്യമാക്കാൻ ചുറ്റുപാടുകളിലേക്കിറങ്ങുന്നു. സമീപത്ത് നെൽകൃഷി ചെയ്യുന്ന വിരമിച്ച അദ്ധ്യാപകന്റെ വയൽ സന്ദർശിക്കുകയും അന്യമായിക്കൊണ്ടിരിക്കുന്ന നെൽകൃഷിയുടെ രീതി, വളപ്ര യോഗം, വളർച്ച, വിളവെടുപ്പ് എന്നിവ നേരിൽ കണ്ട് മനസ്സിലാ ക്കുന്നതിന് കുട്ടികൾക്ക് സാധിച്ചു. അതുപോലെ വാഴ ത്തോപ്പും സന്ദർശിച്ചു.

# വേറിട്ട വായന






വായനയ്ക്ക് വൈവിധ്യത ഒരുക്കുകയാണ് സ്കൂൾ. ക്ലാസ്സ്, സ്കൂൾ ലൈബ്രറികൾക്കപ്പുറം ഗൃഹലൈബ്രറിയുംകൂടി തയ്യാറാക്കാൻ കുട്ടികളും രക്ഷാകർത്താക്കളും താത്പര്യം കാണിച്ചു. വായനാവണ്ടി ക്രമീകരിച്ച് വിവിധ കേന്ദ്രങ്ങളിൽ നിന്ന് 400 – ൽപ്പരം പുസ്തകം ശേഖരിച്ചു. രാവിലെ സ്കൂളുകളിലെത്തുന്ന അമ്മമാർക്കായി സ്കൂളിൽ അമ്മ ലൈബ്രറിയും തയ്യാറാക്കിയിട്ടുണ്ട്.

# മികവാർന്ന വിജയം






പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ 'എന്റെ വിദ്യാലയം - എന്റെ അഭിമാനം' എന്ന ഡോക്കുമെന്ററി മത്സരത്തിൽ കൊല്ലം ജില്ലയിൽ ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞു. ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ. ബി. ശിവൻകുട്ടിയിൽ നിന്ന് സ്കൂൾ ഭാരവാഹികൾ ട്രോഫി ഏറ്റുവാങ്ങുന്നു,.

# പ്രാദേശിക പ്രതിഭാകേന്ദ്രം










പുനലൂർ ബി.ആർ.സി. യുടെ സഹായ ത്തോടെ സ്കൂളിന് ഒരു പ്രാദേശിക പ്രതിഭാ കേന്ദ്രം പ്രവർത്തിക്കുന്നു. അവധി ദിവസ ങ്ങളിൽ കുട്ടികൾക്ക് കൂടിവരുന്നതിനും വിവിധ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെ ടുന്നതിനും പ്രതിഭാകേന്ദ്രംവഴി സാധിക്കുന്നു. ബി.ആർ.സി. യിൽ നിന്നുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ ഈ കേന്ദ്രങ്ങൾ സന്ദർശിക്കുകയും വിവിധ പരിപാടികൾ ക്രമീകരിക്കുകയും ചെയ്യുന്നു. ഒരു പ്രദേശ ത്തുള്ള മുഴുവൻ കുട്ടികൾക്കും രക്ഷാകർ ത്താക്കൾക്കും കൂടിവരുന്നതിനും പഠന പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിനും ഈ കേന്ദ്രംവഴി സാധിക്കുന്നു. പ്രാദേശിക വിഭവങ്ങളുടെ ഫലകരമായ ഉപയോഗപ്പെടു ത്തലിന് ഈ കേന്ദ്രം സഹായികരമാകുന്നു.

# ലഹരി രഹിത ഭവനം




തൊളിക്കോട് എൽ.പി.സ്കൂളിലെ രക്ഷാകർത്താക്കളും കുട്ടികളും 'ഞങ്ങൾ ലഹരി ഉപയോഗിക്കില്ല' എന്ന് സ്വമേധയാ പ്രഖ്യാപിച്ച് അവരുടെ ഭവനങ്ങൾ ലഹരി രഹിത ഭവനങ്ങളായി പ്രഖ്യാപിക്കാൻ ഒരുങ്ങുകയാണ്. ഇങ്ങനെ പ്രഖ്യാപനം നടത്തിയിട്ടുള്ള ഇരുപതോളം വീടുകൾ ലഹരി രഹിത ഭവനമായി പ്രഖ്യാപിച്ച് സ്കൂൾ തയ്യാറാക്കിയ ഫലകം ഈ വീടുകളിൽ സ്ഥാപിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ലഹരി ഒരു മഹാവിപത്തായി മാറുന്ന സാഹചര്യത്തിൽ ഇതിനോട് 'വേണ്ട' എന്ന് പറയാനുള്ള തയ്യാറെടുപ്പ് ബാല്യകാലത്തിലേ കുട്ടികൾക്ക് നൽകുന്നു.

# മികവുകൾക്ക് അംഗീകാരം



2021 – 22 വർഷത്തെ LSS വിജയികൾക്ക് അനുമോദനം നൽകിയപ്പോൾ. പുനലൂർ MLA പി.എസ്. സുപാൽ, RDO ബി. ശശി കുമാർ, പുനലൂർ നഗരസഭാ ചെയർപേഴ്സൺ നിമ്മി എബ്രഹാം, പുനലൂർ AEO ഡി. അജയകുമാർ എന്നിവർ പങ്കെടുത്തു.

ലോവർ സെക്കന്ററി സ്കോളർഷിപ്പ് പരീക്ഷയിൽ കഴിഞ്ഞ മൂന്ന് വർഷമായി പുനലൂർ ഉപജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ വിജയിക്കുന്ന സ്കൂളാണിത്. വിജയികൾക്ക് അർഹിക്കുന്ന പുരസ്കാരം നൽകുന്നു. 2021– 22 വർഷത്തെ എൽ.എസ്.എസ്. യോഗ്യത നേടിയ ഏഴ് കുട്ടികൾക്ക് എം.എൽ.എ., ആർ.ഡി.ഒ., ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നഗരസഭാ ചെയർപേഴ്സൺ എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ അനുമോദനം നൽകി. കൂടാതെ ഈ വിഭാഗം കുട്ടികളെ അവരവരുടെ വീടുകളിലെത്തി ആദരിക്കുന്നു. സമൂഹത്തിന് ഒരു വലിയ ചർച്ചയ്ക്ക് ഈ പരിപാടി കാരണമാകുന്നു. ഈ സ്കൂളിന്റെ അക്കാദമിക് നേട്ടങ്ങളിൽ എടുത്തുപറയേണ്ട ഈ വിജയം അദ്ധ്യാപകരുടെ ചിട്ടയായ പ്രവർത്തനങ്ങളുടെ വിജയംകൂടിയാണ്. കോവിഡ് മഹാമാരിയുടെ കാലത്തും ഓൺലൈൻ, ഓഫ് ലൈൻ ക്ലാസ്സുകളിലൂടെ മികച്ച പരിശീലനമാണ് ഈ വിഭാഗം കുട്ടികൾക്ക് നൽകിയത്.

# പ്രീ- സ്കൂൾ







പ്രീ സ്കൂൾ പഠനത്തിന് വേറിട്ട പഠന പ്രവർത്തനങ്ങൾ ഒരുക്കുകയാണ് ഈ സ്കൂൾ. പുനലൂർ ഉപജില്ലയിൽ ഏറ്റവും കൂടുതൽ പ്രീ-പ്രൈമറി കുട്ടികൾ പഠിക്കുന്ന സർക്കാർ മേഖലയിലുള്ള സ്കൂളാണിത്. എസ്.എസ്.കെ. യുടെ പ്രീസ്കൂൾ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മനോഹരമായ ക്ലാസ്സ് റൂം, പഠനോപകരണങ്ങൾ എന്നിവ ക്രമീകരിച്ചിട്ടുണ്ട്. ഓരോ അദ്ധ്യയന വർഷവും പ്രൈമറി ക്ലാസ്സുകളിലേക്കുള്ള രണ്ട് ഡിവിഷൻ കുട്ടികളെ പ്രീ-പ്രൈമറിയിൽ നിന്നും ലഭിക്കുന്നു. പ്രീ-സ്കൂൾ പഠനത്തിൽ വൈവിധ്യമാർന്ന നിരവധി പഠന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു. ശലഭസംഗമം എന്ന പേരിൽ ഈ വിഭാഗം കുട്ടികളുടെയും മാതാപിതാക്കളുടെയും കൂടിവരവ് ക്രമീകരിക്കുന്നു. പാഠഭാഗങ്ങളെ ദൃശ്യപുസ്തകമായി കുട്ടികൾക്ക് ലഭ്യമാക്കി.

# ഭരണഘടനാ ചുവർ

## ഭരണഘടനാ ചുമർ സ്ഥാപിച്ച് തൊളിക്കോട് സ്കൂൾ



തൊളിക്കോട് സർക്കാർ എൽപി സ്കൂളിൽ ഭരണഘടനാ ചുമർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഡി അജയകുമാർ പ്രകാശിപ്പിക്കുന്നു

**പുനലൂർ**

ഭരണഘടനാ സാക്ഷരതപ്രവർത്തനത്തിന്റെ ഭാഗമായി തൊളിക്കോട് സർക്കാർ എൽപി സ്കൂളിൽ ഭരണഘടനാ ചുമർ തയ്യാറാക്കി. ഭരണഘടനയുടെ ആമുഖം, ഗാന്ധിജി, അംബേദ്കർ, നെഹ്റു തുടങ്ങിയ ദേശീയ നേതാക്കളുടെ ചിത്രങ്ങൾ എന്നിവ ചുമരിൽ പതിപ്പിച്ചാണ് പുനലൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഡി അജയകുമാർ പ്രകാശനംചെയ്തു. വാർഡ് കൗൺസിലർ അഖിലാ സുധാകരൻ അധ്യക്ഷയായി. പിടിഎ പ്രസിഡന്റ് മുഹമ്മദ് അൻസാരി, ഹെഡ്മാസ്റ്റർ കെ ജി എബ്രഹാം എന്നിവർ നേതൃത്വം നൽകി. വായനമാസാചരണത്തിന്റെ ഭാഗമായി മാതൃവായനയുടെ പുസ്തക

ഭരണഘടനാ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി തൊളിക്കോട് ഗവ. എൽ.പി. സ്കൂളിൽ ഭരണഘടനാ ചുവർ സ്ഥാപിച്ചു. അതോടൊപ്പം ദേശീയ നേതാക്കളായി കുട്ടികൾ അഭിനയിക്കുകയും സംവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തു.

# പ്രാദേശിക പി.ടി.എ.

തൊളിക്കോട് ഗവ. എൽ.പി. സ്കൂളിൽ കഴിഞ്ഞ 22 വർഷമായി പ്രാദേശിക പി.ടി.എ. പ്രവർത്തിക്കുന്നു. സ്കൂൾ പി.ടി.എ. കളിൽ കടന്നുവരാൻ കഴിയാത്ത രക്ഷാകർത്താക്കളെ അവരവരുടെ വീടിന് സമീപത്തുള്ള പ്രാദേശിക കേന്ദ്രത്തിലേക്ക് ഒത്തുകൂട്ടി സ്കൂൾ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന രീതിയാണിത്. വിവിധ കാരണങ്ങളാൽ സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത രക്ഷാകർത്താക്കൾക്ക് പ്രാദേശിക കേന്ദ്രങ്ങളിൽ ഒത്തുകൂടുമ്പോൾ സ്കൂൾ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് സാധിക്കുന്നു. പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവരും ഇതോടൊപ്പം സ്കൂളിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.

കുട്ടികൾ വളരെ കുറഞ്ഞ അവസ്ഥയിൽ നിന്നും പുനലൂർ ഉപജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളായി ഈ സ്കൂൾ മാറുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് പ്രാദേശിക പി.ടി.എ. യുടെ സംഘാടനമാണ്. ഈ സ്കൂൾ ഒരു ചർച്ചാവിഷയമായി സമൂഹത്തിൽ മാറിയപ്പോൾ കുട്ടികളെ വിടുന്നതിന് രക്ഷാകർത്താക്കൾ തയ്യാറായി.



# ഹരിതവിദ്യാലയം 2010

ഹരിത വിദ്യാലയം 2010 ൽ പങ്കെടുത്ത കൊല്ലം ജില്ലയിലെ ഏക സർക്കാർ പ്രൈമറി സ്കൂളാണിത്. കുട്ടികൾ കുറഞ്ഞ അവസ്ഥയിൽ നിന്ന് പുനലൂർ ഉപജില്ലയിലെ സർക്കാർ സ്കൂളുകളിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളായി മാറിയതിന്റെ പിന്നിൽ ഹരിത വിദ്യാലയത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത് പ്രധാനപ്പെട്ട കാരണങ്ങളിലൊന്നാണ്. ഇന്നും മികവോടെ പഠന പ്രവർത്തനങ്ങളിൽ സ്കൂൾ മുന്നിൽ നിൽക്കുന്നു.

